## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4197 25.06.2014 -ൽ മറുപടിയ്ക്ക്

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

ചോദ്യം

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
ശ്രീ. കെ.എം. ഷാജി
ശ്രീ. പി.ബി.അബ്ദുൾ റസാക്ക്
ശ്രീ. എൻ.ഷംസുദ്ദീൻ

ഉത്തരം

ശ്രീ.ഷിബു ബേബി ജോൺ
(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കുന്നതിന് ആവിഷ്ക്കരിച്ച നടപ്പാക്കുന്ന എ.എസ്.ഇ.പി (അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം) യുടെ പ്രത്യേകതകൾ വിശദമാക്കുമോ ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കുന്നതിന് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന എ.എസ്.ഇ.പി. (അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം ) പ്രകാരം 2012-13 സാമ്പത്തിക വർഷം എംപ്ലോയബിലിറ്റി സെന്റർ എന്ന നൂതന പദ്ധതി എംപ്ലോയ്മെന്റ് വകുപ്പിൽ ആരംഭിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്ത വിദ്യരായ തൊഴിൽരഹിതരുടെ അഭിരുചി വിവിധ ടെസ്റ്റുകൾ നടത്തി കണ്ടെത്തുകയും സോഫ്റ്റ് സ്ക്കില്ലുകളിൽ പരിശീലനം നൽകികൊണ്ട് അവരെ തൊഴിലിന് പ്രാപ്തരാക്കുകയും പൊതു/സ്വകാര്യമേഖലകളിലെ തൊഴിൽ ദാതാക്കളുമായി സഹകരിച്ചുകൊണ്ട് ഇപ്രകാരം പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് ജോലി നേടിയെടുക്കുവാൻ സഹായിക്കുകയും ചെയ്യുന്നു. |
| (ബി) | പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ? | (ബി) | കേരളത്തിലെ പതിനാല് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം ഘട്ടംഘട്ടമായി എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുക യാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2012-13 സാമ്പത്തിക വർഷം കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ടി സെന്ററുകളുടെ HRD പ്രവർത്തനം 2013-14 സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷമാണ് ആരംഭിച്ചത്. 2013-14 സാമ്പത്തിക വർഷം കണ്ണൂർ, പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ